**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2889** **12-07-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ പൈപ്പ് മാറ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ കാലപ്പഴക്കം ചെന്ന കുടിവെള്ള പൈപ്പുകൾ പൊട്ടുന്നതുമൂലം കുടിവെള്ള പ്രശ്നങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കുന്നത്തുനാട് മണ്ഡലത്തിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ പൊട്ടുന്നതു മൂലം കുടിവെള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട് .** |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ എവിടെയെല്ലാം കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | **കുന്നത്തുനാട് മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന്റെ ഭാഗമായി വാഴക്കുളം, കിഴക്കമ്പലം, കുന്നത്തുനാട് എന്നീ പഞ്ചായത്തുകളിലെ AC പൈപ്പ് മാറ്റിയിട്ടുന്നതിനായി 1700 ലക്ഷം രൂപ ചിലവ് ചെയ്തിട്ടുണ്ട് . കൂടാതെ രാജർഷി ജംഗ്ഷൻ മുതൽ കരിമുകൾ, അമ്പലമേട് വരെ 251 ലക്ഷം രൂപയും, മീമ്പാറ മുതൽ പൂതൃക്ക വരെ 142 ലക്ഷം രൂപയും, രാമമംഗലം മുതൽ ചൂണ്ടി വരെ 1334 ലക്ഷം രൂപയും, ചൂണ്ടി ഓഫീസ് മുതൽ ചൂണ്ടി ജംഗ്ഷൻ വരെ 98 ലക്ഷം രൂപയും ഉൾപ്പെടെ പൈപ്പ് മാറ്റിയിട്ടുന്ന പ്രവർത്തികൾക്കായി ആകെ 3525 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട് .** |
| (സി) | മണ്ഡലത്തിൽ നിലവിൽ എവിടെയെല്ലാം പൈപ്പുകൾ മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ടെന്ന് അറിയിക്കാമോ; ആയതിന് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | **പെരുങ്ങോട് , വടവുകോട് റോഡിൽ ഏകദേശം 1564 മീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിനായി 47.3 ലക്ഷം രൂപക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട് . അഞ്ചാം മൈൽ പാലം - കുറ്റപ്പംപടി, നീലിമല റോഡ് , ഡബിൾ പാലം - കല്ലേട്ടി ചെങ്ങറ റോഡ് , പട്ടിമറ്റം - മാവിൻചുവട് റോഡ് , കൊട്ടുവേലിപ്പടവ് SC കോളനി റോഡ് എന്നിവിടങ്ങളിലേക്കായി 3500 മീറ്ററോളം പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇതിനായി 27.98 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട് . കുന്നത്തുനാട് മണ്ഡലത്തിലെ വാഴക്കുളം പഞ്ചായത്തിലെ കാലപ്പഴക്കം ചെന്ന 32400 മീറ്റർ വിതരണ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പുത്തൻകരിശ് , പൂതൃക്ക** |

| | | | |
|---|---|---|---|
| | | | **തിരുവാണിയൂർ എന്നീ പഞ്ചായത്തുകളിലേക്ക് ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി പുതിയ പമ്പിങ് മെയിൻ, ജലശുദ്ധീകരണ ശാല, ജലസംഭരണി, വിതരണ ശൃംഖല, കുടിവെള്ള കണക്ഷനുകൾ എന്നിവയെല്ലാം പുതിയതായി സ്ഥാപിക്കാനുള്ള പദ്ധതിക്ക് 15707.64 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് . സാങ്കേതിക അനുമതിക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഐക്കരനാട് , മഴുവന്നൂർ, കുന്നത്തുനാട് എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള വിതരണ പദ്ധതിയിൽപ്പെടുത്തി ടി പഞ്ചായത്തുകൾക്കു വേണ്ടി ജല ശുദ്ധീകരണശാല, ഉന്നതതല ജല സംഭരണികൾ എന്നിവ നിർമ്മിച്ചും പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിച്ചും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിക്കുമുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇതിനു വേണ്ട സർവ്വേ പ്രവൃത്തിക്കുള്ള ടെണ്ടർ ക്ഷണിക്കുകയും സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട് .** |
| (ഡി) | കാലപ്പഴക്കം ചെന്ന പൈപ്പുകൾ അടിയന്തരമായി മാറ്റി സ്ഥാപിച്ച് കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | **കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലേക്കായി വിഭാവനം ചെയ്തിട്ടുള്ള ജല ജീവൻ മിഷൻ പ്രവർത്തികൾ, സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവർത്തികൾ, നിക്ഷേപ പ്രവർത്തികൾ എന്നിവ മുഖേന കാലപ്പഴക്കം ചെന്ന കുടിവെള്ള പൈപ്പുകൾ മാറ്റി സ്ഥാപിച്ച് കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ